കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 19 | ലക്കം 1 | ആഗസ്റ്റ് 15 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

2 കൊപ്ര സംഭരണത്തിനുള്ള സംസ്ഥാനതല ഏജൻസിയായി കേരഫെഡിനെ അനുവദിക്കണം: കൃഷി മന്ത്രി പി പ്രസാദ്

4 നാല് കർഷകർക്ക് പ്ലാൻറ് ജീനോം സേവിയർ അവാർഡ്

7 അന്താരാഷ്ട്ര ബയോടെക്നോളജി കോൺക്ലേവിന് വെള്ളായണി കാർഷിക കോളേജിൽ തുടക്കമായി

# കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചു

സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക, വിപണന സംവിധാനം ഒരുക്കുന്നതിന് കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചു.

കേരളത്തിൽ കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും സംസ്കരണത്തിനും ഊന്നൽ നൽകുന്നതിനായി അഗ്രി പാർക്കുകളും ഫ്രൂട്ട് പാർക്കുകളും സ്ഥാപിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും കമ്പനി രൂപീകരിക്കുന്നതിലൂടെ സാധ്യമാകും. കൃഷി വകുപ്പ് കേന്ദ്രീകരിച്ച് കാർഷിക ഉത്പ്പന്നങ്ങളുടെ വിപണി കൈകാര്യം ചെയ്യുന്നതിനും കാർഷികോല്പാദനത്തെ അടിസ്ഥാനമാക്കി വിപണി കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനുമുള്ള ഏജൻസിയായി പ്രവർത്തിക്കാനും കമ്പനിക്കാവും. കേരളത്തിന്റെ കാർഷിക ഉത്പ്പന്നങ്ങളെ അവയുടെ ഗുണമേന്മകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ പൊതു ബ്രാൻഡിങ്ങിൽ കൊണ്ടു വരുന്നതും കമ്പനിയുടെ ലക്ഷ്യങ്ങളായിരിക്കും. മൂല്യവർദ്ധനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ഒരു ഏജൻസിയായി KABCO പ്രവർത്തിക്കും. KABCO ദേശീയ അന്തർദേശീയ കയറ്റുമതി/വിപണന പ്രവർത്തനങ്ങളിൽ കേരളത്തിലെ കർഷകരെ പ്രാപ്തരാക്കും.

സംസ്ഥാന സർക്കാരിന്റെ 33% ഓഹരി വിഹിതവും കർഷകരുടെ 24% ഓഹരി വിഹിതവും FPO, കാർഷിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള കർഷക കൂട്ടായ്മകളുടെ 25% ഓഹരി വിഹിതവും പൊതു ഓഹരി വിപണിയിൽ നിന്ന് 13% ത്തിൽ അധികരിക്കാത്ത ഓഹരി വിഹിതവും പ്രാഥമിക കാർഷിക സഹകരണ സ്ഥാപനങ്ങളുൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 5% ത്തിൽ അധികരിക്കാത്ത ഓഹരി വിഹിതവും നിജപ്പെടുത്തി Public Private Partnership ൽ (PPP) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്(CIAL) കമ്പനി മാതൃകയിൽ KABCO പ്രവർത്തിക്കും.

കൃഷി വകുപ്പ് മന്ത്രി ചെയർമാനും കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് ഡയറക്ടർ, ധനകാര്യ വകുപ്പിന്റെ പ്രതിനിധി, KAICO മാനേജിംഗ് ഡയറക്ടർ എന്നിവർ പ്രാരംഭ ഡയറക്ടർമാരായിരിക്കും

KIIFB യുടെ സാമ്പത്തിക പിന്തുണയോടെ കൃഷി വകുപ്പ് സ്ഥാപിച്ചു കൊണ്ടിരിക്കുന്ന താഴെപ്പറയുന്ന നിർദിഷ്ട പാർക്കുകൾ ആദ്യ ഘട്ടമായി KABCO യുടെ അടിസ്ഥാന യൂണിറ്റുകളായിരിക്കും.

1. വെജിറ്റബിൾ അഗ്രോപാർക്ക്, വട്ടവട, ഇടുക്കി.
2. ബനാന ഹണി അഗ്രോപാർക്ക് , കണ്ണാറ, തൃശ്ശൂർ
3. കോക്കനട്ട് ട്രേഡിംഗ് ആന്റ് മാർക്കറ്റിങ് ഹബ് അഗ്രോപാർക്ക് , വേങ്ങേരി, കോഴിക്കോട്.
4. കോക്കനട്ട് മാനുഫാക്ചറിംഗ് ഫെസിലിറ്റി അഗ്രോപാർക്ക്, കുത്താളി, കോഴിക്കോട്.

ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - മുഹമ്മദ് റിയാസ്

5. മാംഗോ അഗ്രോപാർക്ക്, മുതലമട, പാലക്കാട്.

KABCO കമ്പനിക്കായി മൂന്ന് നഗര കാർഷിക മൊത്തവ്യാപാര വിപണികളും മൂന്ന് ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണികളും കണ്ണാറ, കുത്താളി അഗ്രോപാർക്കുകളും 30 വർഷത്തേക്ക് കൃഷി വകുപ്പ് നിർദിഷ്ട കമ്പനിയുടെ ബിസിനസ്സ് ആവശ്യത്തിനായി കൈമാറ്റം ചെയ്യുന്നതിന് നടപടി സ്വീകരിക്കും

10 കോടി രൂപയുടെ മൊത്തം subscribed value ൽ സർക്കാരിന്റെ ഇക്വിറ്റി പങ്കാളിത്തം 3.3 കോടി രൂപയായി പരിമിതപ്പെടുത്തും. ബാക്കിയുള്ള മൂലധനത്തിന് ഷെയർ ഹോൾഡർമാർക്ക് നിശ്ചയിച്ച പ്രകാരം ആനുപാതികമായി വരിക്കാരാകാവുന്നതാണ്. സർക്കാരിന്റെ ഇക്വിറ്റി വിഹിതം നിറവേറ്റുന്നതിന് ആവശ്യമായ ഭൂമി കമ്പനിക്ക് കൈമാറും. സർക്കാർ വിഹിതം ഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്തുകയും ബിസിനസ്സിനായുള്ള പ്രധാന നിക്ഷേപം ഓഹരി ഉടമകളിൽ നിന്നുമായിരിക്കും. കൂടുതൽ മൂലധനം ആവശ്യമായി വരുമ്പോൾ, അത് മറ്റ് ഓഹരി ഉടമകളിൽ നിന്ന് സമാഹരിക്കും.

കാർഷിക സംസ്ക്കരണത്തിനുതകുന്ന യന്ത്രസാമഗ്രികളുടെ സംഭരണത്തിനും സ്ഥാപനത്തിനുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി KABCO മദ്ധ്യസ്ഥം വഹിക്കും. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ KABCO യ്ക്ക് വിവിധ വിതരണ ശൃംഖല പോയിന്റുകൾ ഉണ്ടായിരിക്കും, ഈ വിതരണശൃംഖലകൾ കർഷകരിൽ നിന്ന് കാർഷിക ഉത്പന്നങ്ങൾ ശേഖരിക്കുകയും manufacturing അഗ്രോപാർക്കുകളിലേക്ക് അയയ്ക്കുകയും ചെയ്യും. സാധ്യതയുള്ള വിപണികൾക്കും ഉല്പന്നങ്ങൾക്കുമായി കമ്പോള ഗവേഷണം, targeted customers ന് ഉതകുന്ന രീതിയിൽ ബ്രാന്റ് സൃഷ്ടിക്കൽ എന്നിവ KABCO വഴി നടത്താനാവും. മാർക്കറ്റ് റിസർച്ച് അടിസ്ഥാനമാക്കി മത്സരാധിഷ്ഠിത വില നിർണ്ണയ തന്ത്രം നടപ്പിലാക്കും. വിവിധ മാർക്കറ്റിങ് പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ മീഡിയ, സോഷ്യൽ മീഡിയ എന്നിവയിലൂടെ KABCO യ്ക്ക് മാർക്കറ്റിങ് പ്രവർത്തനങ്ങൾ പ്രീ-ലോഞ്ച് ചെയ്യാനാകും. പൊതു കാർഷിക ഫല ബ്രാന്റ് കേരളത്തിനായി രൂപീകരിക്കും.

കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് മോഡൽ (പിപിപി മോഡൽ) ആയി ആണ് രൂപീകരിക്കുക. കൂടാതെ അഗ്രോ പാർക്കുകളുടെ നടത്തിപ്പിനും കർഷകരെ വിപണിയുമായി ബന്ധപ്പെടുത്തുന്ന ഒരു സ്വതന്ത്ര professionally managed company ആയിട്ടായിരിക്കും KABCO പ്രവർത്തിക്കുക.

# കൊപ്ര സംഭരണത്തിനുള്ള സംസ്ഥാനതല ഏജൻസിയായി കേരഫെഡിനെ അനുവദിക്കണം: കൃഷി മന്ത്രി പി പ്രസാദ്

കേരഫെഡിനെ കൊപ്ര സംഭരണത്തിൽ നിന്നും കേന്ദ്രസർക്കാർ ഒഴിവാക്കിയത് പുന:പരിശോധിക്കണമെന്നും, കൊപ്ര സംഭരണത്തിനുള്ള സംസ്ഥാനതല ഏജൻസിയായി കേരഫെഡിനെ അനുവദിക്കണമെന്നും കൃഷി മന്ത്രി പി പ്രസാദ് ആവശ്യപ്പെട്ടു. കേന്ദ്ര കൃഷി വകുപ്പ് മന്ത്രി നരേന്ദ്രസിങ് തോമറുമായി നേരിട്ട് നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യങ്ങൾ ഉന്നയിച്ചത്. ഇതിനു പുറമെ, കേരഫെഡ് വഴി കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഉൾപ്പെട്ട കത്തും ഇന്നലെ കേന്ദ്രമന്ത്രിക്ക് കൃഷിമന്ത്രി കൈമാറി.

903 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെയും നാല് പ്രാഥമിക സഹകരണ വിപണന സംഘങ്ങളെയും പ്രതിനിധീകരിക്കുന്ന കേരഫെഡ് കഴിഞ്ഞ കുറേ വർഷങ്ങളായി വിവിധ സഹകരണ സംഘങ്ങൾ മുഖേന കർഷകരിൽ നിന്ന് തേങ്ങയും കൊപ്രയും താങ്ങുവിലയിൽ സംഭരിച്ചിരുന്നു. സംസ്ഥാന ഏജൻസിയായ കേരഫെഡിനെ സർക്കാർ കൊപ്ര സംഭരണ ഏജൻസിയായി പ്രഖ്യാപിച്ചുവെങ്കിലും,



സ്വന്തമായി നാളികേര ഉൽപന്നങ്ങൾ ഉത്പാദിപ്പിക്കുന്ന ഒരു ഏജൻസി എന്നതിനാൽ കൊപ്ര സംഭരണത്തിൽ നിന്ന് കേരഫെഡിനെ നാഫെഡ് ഒഴിവാക്കി. അതിനാൽ 255 മെട്രിക് ടൺ കൊപ്ര മാത്രമാണ് നാഫെഡ് കഴിഞ്ഞ സീസണിൽ സംഭരിച്ചത്. 50,000 മെട്രിക് ടൺ കൊപ്രയാണ് സംഭരിക്കേണ്ടിയിരുന്നത്.

സംസ്ഥാനത്തെ കൊപ്ര സംഭരണം പൂർണമായും സുതാര്യമാക്കുന്നതിന്, എല്ലാ വ്യക്തിഗത കർഷകരുടെയും നാളികേരകൃഷിയുടെ വിസ്തൃതിയും ഉൽപാദനവും അതത് പഞ്ചായത്തിലെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. കൊപ്ര സംഭരിക്കുന്നതിനും സ്വന്തം ഉപയോഗത്തിനുമായി കേരഫെഡ് പ്രത്യേക വെയർ ഹൗസുകൾ പരിപാലിക്കണമെന്നും, സ്വന്തമായി കൊപ്ര സംസ്കരിക്കാത്ത പ്രാഥമിക സഹകരണ സംഘങ്ങൾ, കാർഷികോത്പാദന സംഘടനകൾ, കർഷക കൂട്ടായ്മകൾ എന്നിവയിലൂടെ മാത്രം കൊപ്ര സംഭരിക്കുമെന്നുമുള്ള കേരഫെഡിൽ നിന്നുള്ള ഉറപ്പിന്മേൽ കൊപ്ര സംഭരണത്തിൽ കേരഫെഡിനെ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാനാണ് മന്ത്രി ആവശ്യപ്പെട്ടത്. കൊപ്ര സംഭരണത്തിനായി കേരഫെഡിനെ സംസ്ഥാന സംഭരണ ഏജൻസിയായി അനുവദിക്കുന്നതിലൂടെ കേരളത്തിലെ നാളികേര കർഷകർക്ക് മികച്ച വില ലഭിക്കുമെന്നും, സീസണിൽ പരമാവധി സംഭരണം ഉറപ്പാക്കുവാൻ കഴിയുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# കേരള കർഷകൻ മാസികയുടെ വരിസംഖ്യയിൽ വർദ്ധനവ്




സംസ്ഥാന സർക്കാർ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന കേരള കർഷകൻ മാസികയുടെ ഒറ്റ പ്രതിയുടെ വില 20 രൂപയാക്കി വർദ്ധിപ്പിച്ചു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള വരിസംഖ്യ 100 രൂപയിൽ നിന്നും 200 രൂപയും രണ്ട് വർഷത്തേക്ക് 400 രൂപയും 15 വർഷത്തേക്ക് 2000 രൂപയാക്കിയും വർധിപ്പിച്ചിട്ടുണ്ട്. പുതുക്കിയ നിരക്ക് 2023 ഓഗസ്റ്റ് 15 മുതൽ പ്രാബല്യത്തിൽ വന്നു.

# കൃഷിമന്ത്രി നിർദ്ദേശിച്ചു; കൃഷിവകുപ്പ് അപേക്ഷ നൽകി

## ഗോത്രകർഷകയ്ക്ക് സസ്യജനിതക സംരക്ഷണത്തിന് ദേശീയ അവാർഡ്



ഇന്ത്യ ഗവൺമെന്റിന്റെ Protection of plant varieties and farmers rights authority ഏർപ്പെടുത്തിയ ദേശീയ അവാർഡായ 2020-21 ലെ Plant Genome Saviore Farmers Recognition ലഭിച്ചിരിക്കുന്നത് വിതുര മണിതൂക്കി ഗോത്രവർഗ്ഗ കോളനിയിലെ പടിഞ്ഞാറ്റിൻകര കുന്നംപുറത്ത് വീട്ടിൽ ശ്രീമതി. പരപ്പിയ്ക്കാണ്. മക്കൾ വളർത്തി എന്ന പ്രത്യേക ഇനം പൈനാപ്പിൾ സംരക്ഷിച്ച് വളർത്തിയതിനാണ് അവാർഡ്. 1.50 ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവുമാണ് അവാർഡ്. 2023 സെപ്റ്റംബർ 12-ന് ന്യൂഡൽഹിയിൽ വച്ച് അവാർഡ് സമ്മാനിക്കും.

കൃഷിമന്ത്രി ശ്രീ. പി പ്രസാദിന്റെ പ്രത്യേക നിർദ്ദേശത്തെത്തുടർന്ന് ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസ്, ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിലാണ് അപേക്ഷ സമർപ്പിച്ചത്. കൃഷിമന്ത്രി ഔദ്യോഗിക വസതിയിലേക്ക് താമസം മാറുന്ന ദിവസം ശ്രീമതി. പരപ്പിയും കുടുംബവും കൃഷിമന്ത്രിക്ക് സമ്മാനിച്ച പ്രത്യേക ഇനം പൈനാപ്പിൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് ദേശീയ അവാർഡിന് അപേക്ഷിക്കുന്നതിനായി നടപടി സ്വീകരിക്കാൻ മന്ത്രി നിർദ്ദേശിച്ചത്. സാധാരണ പൈനാപ്പിളുകളിൽ നിന്നും വ്യത്യസ്തമായി മക്കൾ വളർത്തി എന്നറിയപ്പെടുന്ന ഈ പൈനാപ്പിൾ, ചുവടുഭാഗത്ത് വൃത്താകാരത്തിൽ അടുക്കിവച്ചിരിക്കുന്ന 4-ഓ 5-ഓ ചക്കകളുണ്ടാകും. അതിനു മുകളിലായി നീണ്ടുകൂർത്ത അഗ്രവുമായി അമ്മചക്കയുമുണ്ടാകും. തലയിൽ കുമ്പിനുപകരം കുന്തം പോലെ തള്ളി നിൽക്കുന്ന അറ്റമുള്ളതുകൊണ്ടു കുന്താണി എന്ന വിളിപ്പേരുമുണ്ട്. വനംവകുപ്പിന്റെ ഫോറസ്റ്റ റായ ശ്രീ. ഗംഗാധരൻ കാണിയുടെ അമ്മയാണ് ശ്രീമതി. പരപ്പി.

# നാല് കർഷകർക്ക് പ്ലാൻറ് ജീനോം സേവിയർ അവാർഡ്

കേരള കാർഷിക സർവ്വകലാശാല ശുപാർശ ചെയ്ത നാല് കർഷകർ ദേശീയ പുരസ്കാരമായ പ്ലാൻറ് ജീനോം സേവിയർ അവാർഡിനു അർഹരായിരിക്കുന്നു. വയനാട് ജില്ലയിലെ ശ്രീ. പ്രസീദ് കുമാർ തൈയിൽ, ശ്രീ. സുനിൽ കുമാർ. എം, തൃശ്ശൂർ ജില്ലയിലെ ശ്രീ. വിനോദ് കുമാർ, കോഴിക്കോട് ജില്ലയിലെ ശ്രീ. ജോൺ ജോസഫ് എന്നിവരാണ് അവാർഡിനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഒന്നരലക്ഷം രൂപയും ഫലകവും അടങ്ങുന്നതാണ് അവാർഡ്. കാർഷിക ജൈവവൈവിധ്യം കാത്തു സൂക്ഷിക്കുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനാണ് പ്രൊട്ടക്ഷൻ ഓഫ് പ്ലാൻറ് വെറൈറ്റി ആൻഡ് ഫാർമേഴ്സ് അതോറിറ്റി ദേശീയ തലത്തിൽ ഈ അവാർഡ് നൽകുന്നത്.

ജൈവവൈവിധ്യം സംരക്ഷിക്കുന്നതിൽ നൽകിയ സംഭാവനകൾ പരിഗണിച്ച് 2020-21,2021-22 വർഷങ്ങളിൽ കേരള കാർഷിക സർവ്വകലാശാലയാണ് നാല് കർഷകരേയും ശുപാർശ ചെയ്തത്. കേരള കാർഷിക സർവ്വകലാശാല ശുപാർശ ചെയ്ത 18കർഷകർക്കും 6 കർഷക കൂട്ടായ്മകൾക്കും മുൻ വർഷങ്ങളിൽ പ്രസ്തുത അവാർഡ് ലഭിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ ബൗദ്ധിക സ്വത്താവകാശ സെൻററാണ് അപേക്ഷകൾ തയ്യാറാക്കാൻ കർഷകർക്ക് സഹായം നൽകിയത്.

### ശ്രീ. പ്രസീദ് കുമാർ

**സുൽത്താൻബത്തേരി**

163 ഇനം നെല്ല്, വാഴ, മാവ്, പ്ലാവ് തുടങ്ങിയവയുടെ പത്തിലേറെ ഇനങ്ങൾ കിഴങ്ങു വർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ എന്നിവയുടെ വിവിധ ഇനങ്ങൾ പ്രസീദിൻറെ കൃഷിയിടത്തിലുണ്ട്. വിവിധ ഇനം നെല്ല് വിത്തുകൾ നട്ട് ഇന്ത്യൻ ഭൂപടം, ബുദ്ധൻ, മത്സ്യങ്ങൾ എന്നിവയുടെ ത്രിമാന ചിത്രങ്ങൾ നെൽപ്പാടത്ത് ഒരുക്കുന്ന കലയിലും വിദഗ്ധനാണ്. കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡിൻറെ ഹരിത വ്യക്തി അവാർഡ്, ആത്മ – മികച്ച കർഷകനുള്ള അവാർഡ് തുടങ്ങിയ നിരവധി അവാർഡുകൾ നേടിട്ടുണ്ട്.

### ശ്രീ. സുനിൽകുമാർ എം

**സുൽത്താൻബത്തേരി**

അപൂർവയിനം കാർഷിക വിളകളുടെയും സസ്യങ്ങളുടെയും കലവറയാണ് സുനിൽകുമാറിൻറെ കൃഷിയിടം. 106 ഇനം നെല്ല്, 9 ഇനം ചേന, 14 ഇനം കാച്ചിൽ, 11 ഇനം തുളസി തുടങ്ങി വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, മഞ്ഞൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, സുഗന്ധ വിളകൾ തുടങ്ങിയവയും ഔഷധ സസ്യങ്ങളും സുനിലിൻറെ കൃഷിയിടത്തിൽ വളരുന്നു. പശു, ആട്, കോഴി, മീൻ വളർത്തൽ എന്നിവയും സംയോജിപ്പിച്ചിട്ടുണ്ട്. കൃഷി വകുപ്പ്, ആത്മ, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തുടങ്ങിയ നിരവധി സംഘടനകളുടെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### ശ്രീ. ജോൺ ജോസഫ്

**കോഴിക്കോട്**

കേരളത്തിലെമ്പാടും നിന്ന് മികച്ച ജാതിക്ക ഇനങ്ങൾ ശേഖരിച്ച് വളർത്തുന്ന ഒരു കർഷകനാണ് ജോൺ ജോസഫ്. 88 ഇനം ജാതി, 100 ഓളം ഫലവർഗ്ഗങ്ങൾ നിരവധി ഔഷധ സസ്യങ്ങൾ, 7 ഇനം മുള, 20 ഇനം കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാൽ സമ്പന്നമാണ് ജോൺ ജോസഫിൻറെ കൃഷിയിടം. ദേശീയ തലത്തിൽ നിരവധി അവാർഡുകൾ നേടിയിട്ടുണ്ട്.

### ശ്രീ. വിനോദ്

**തൃശ്ശൂർ**

പ്രധാനമായും കിഴങ്ങു വർഗ്ഗ വിളകളുടെ ഇനങ്ങളാണ് വിനോദ് സംരക്ഷിക്കുന്നത്. 53 ഇനം കപ്പ, 89 ഇനം ചേമ്പ്, 43 ഇനം കാച്ചിൽ, 7 ഇനം മധുരക്കിഴങ്ങ്, വാഴ, ഇഞ്ചി, മഞ്ഞൾ, മാവ്, പ്ലാവ്, കുരുമുളക് തുടങ്ങിയവയുടെയും പത്തിലേറെ ഇനങ്ങൾ ഔഷധ സസ്യങ്ങൾ എന്നിവ നാല് ഏക്കറോളം വരുന്ന കൃഷിയിടത്തിൽ സംരക്ഷിച്ച് വരുന്നു. കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്, ജൈവ കർഷക അവാർഡുകൾ എന്നിവ ലഭിച്ചിട്ടുണ്ട്. NBPGR ൻറെ പല അപൂർവ ഇനങ്ങളും കൃഷി ചെയ്ത് സംരക്ഷിക്കുന്ന കർഷകൻ കൂടിയാണ് വിനോദ്.



## 2022 വർഷത്തെ സംസ്ഥാന കർഷക അവാർഡുകൾ കൃഷി വകുപ്പ് ബഹു. മന്ത്രി ശ്രീ. പി. പ്രസാദ് പ്രഖ്യാപിച്ചു

2022 വർഷത്തെ സംസ്ഥാന കർഷക അവാർഡുകൾ കൃഷി വകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് പ്രഖ്യാപിച്ചു. മികച്ച കൃഷിഭവനുള്ള വി വി രാഘവൻ മെമ്മോറിയൽ അവാർഡ് പാലക്കാട് ആലത്തൂർ കൃഷിഭവൻ നേടി.

മികച്ച കർഷകനുള്ള സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡിന് വയനാട് പുൽപള്ളിയിലെ ശ്രീ. റോയിമോൻ കെ.എ. അർഹനായി. കാർഷിക മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ചവർക്ക് 41 വിഭാഗങ്ങളിലായാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

## മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് 2021– 22 ലെ പ്ലാന്റ് ജീനോം സേവ്യർ അവാർഡ്

മലബാർ കൈപ്പാട് കർഷക സൊസൈറ്റി, കണ്ണൂർ 2021-22 ലെ പ്ലാന്റ് ജീനോം സേവിയർ കർഷകക്കൂട്ടായ്മ അവാർഡിനു അർഹരായിരിക്കുന്നു. പ്രശസ്തി പത്രവും 10 ലക്ഷം രൂപയുമാണ് അവാർഡ്.

കടലിനോട് ചേർന്ന് കിടക്കുന്ന ഓരുജലം കയറിയിറങ്ങുന്ന ഉപ്പ് ലവണമുള്ള ചതുപ്പ് നെൽകൃഷി മേഖലയാണ് കൈപ്പാട്. പ്രകൃത്യാ ജൈവ കൃഷി ചെയ്യുന്ന ഈ മേഖലയിൽ ഒന്നാം വിള നെൽകൃഷിയും രണ്ടാം വിള മത്സ്യ കൃഷിയും ചെയ്തു വരുന്നു. ഉപ്പ് ലവണവും വെള്ള കെട്ടുമുള്ള ഈ മേഖലയിലെ നെൽകൃഷി രീതികൾ മറ്റു നെൽകൃഷി രീതികളിൽ നിന്നും വ്യത്യസ്തമാണ്. ഇവിടെ നിന്ന് ലഭിക്കുന്ന അരിയുടെ പ്രത്യേകത കണക്കിലെടുത്തു 2014 ൽ "കൈപ്പാട് അരി " ക്ക് ഭൗമ സൂചിക പദവി ലഭിച്ചിട്ടുണ്ട്. ഉപ്പു ലവണത്തേയും വെള്ള കെട്ടിനെയും അതിജീവിക്കുന്ന നാടൻ നെല്ലിനങ്ങളായ കുതിര്, ഓർക്കയമ, കണ്ടറൊട്ടി, ഓർപ്പാണ്ടി, ഒടിയൻ, ഒറീസ, പൂഞ്ച കയമ, കുട്ടുസൻ എന്നിവയും നാടൻ നെല്ലിനങ്ങളിൽ നിന്ന് കാർഷിക സർവകലാശാല വികസിപ്പിച്ച നെല്ലിനങ്ങളായ ഏഴോം -1, ഏഴോം -2, ഏഴോം -3, ഏഴോം -4, മിഥില എന്നീ നെല്ലിനങ്ങളും മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി സംരക്ഷിച്ചു വരുന്നു. നെല്ലിനങ്ങൾക്ക് പുറമെ വിവിധ തരം കണ്ടൽ വർഗങ്ങൾ, ദേശാടന പക്ഷികൾ, മത്സ്യ ഇനങ്ങൾ എന്നിവയാൽ വൈവിധ്യമാണ് കൈപ്പാട് ആവാസ വ്യവസ്ഥ.

കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ കൈപ്പാട് നെൽകൃഷി മേഖലയാണ് മലബാർ കൈപ്പാട് കർഷക സൊസൈറ്റിയുടെ പ്രവർത്തന പരിധി.വൈഷമ്യമേറിയ കാർഷിക പ്രവർത്തികൾ അവലംബിക്കേണ്ട ഈ മേഖലയെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി ഗവണ്മെന്റ് ഏജൻസിയായ KADS, കാർഷിക സർവകലാശാല, കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ സൊസൈറ്റി അഹോരാത്രം പ്രായത്നിക്കുന്നു. കൈപ്പാട് അരി, അരിയിൽ നിന്നുള്ള വിവിധ മൂല്യ വർധിത ഉത്പ്പന്നങ്ങൾ എന്നിവ വിദേശ മാർക്കറ്റിൽ എത്തിക്കുകയും ആമസോൺ വിതരണ ശൃംഖലയിൽ ലിങ്ക് ചെയ്യുകയും ചെയ്തു.

കേരള കാർഷിക സർവകലാശാലയുടെ പീലിക്കോട് ഉത്തര മേഖല പ്രാദേശിക ഗവേഷണ കേന്ദ്രത്തിലെ ഡോ. വനജ ടി. ആണ് സൊസൈറ്റിക്ക് മാർഗ നിർദ്ദേശങ്ങൾ നൽകുന്നത്. ശ്രീ. ഒ. വി. നാരായണൻ സൊസൈറ്റി പ്രസിഡന്റും, ശ്രീ. എം.കെ. സുകുമാരൻ സെക്രട്ടറിയുമാണ്.

## കർഷകന് നഷ്ടപരിഹാരം നൽകണം: കൃഷിമന്ത്രി ശ്രീ.പി പ്രസാദ്

എറണാകുളം ജില്ലയിലെ വാരപ്പട്ടി പഞ്ചായത്തിൽ തോമസ് എന്ന കർഷകന്റെ നാനൂറോളം കുലച്ച വാഴകൾ ഹൈടെൻഷൻ ലൈനിന്റെ സുരക്ഷയുടെ പേരിൽ KSEB ഉദ്യോഗസ്ഥർ വെട്ടിനശിപ്പിച്ചത് അത്യന്തം ഖേദകരമാണെന്ന് കൃഷി മന്ത്രി ശ്രീ. പി പ്രസാദ്. അവിചാരിതമായി ആ കർഷകനുണ്ടായ കഷ്ട നഷ്ടങ്ങൾക്ക് മാനുഷിക പരിഗണന നല്കി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വൈദ്യുത വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിക്ക് കൃഷി മന്ത്രി കത്ത് നൽകി.

സാമാന്യ യുക്തിക്ക് നിരക്കുന്ന രീതിയിൽ ഇലകൾ വെട്ടി ഒതുക്കി അപകടസാഹചര്യം ഒഴിവാക്കുകയും വാഴക്കുലകൾ പാകമായി വിളവെടുക്കുകയും ചെയ്യാമായിരുന്ന സാഹചര്യമാണ് ഇത്തരത്തിൽ കർഷകനോടുള്ള ക്രൂരതയായി പരിണമിച്ചത്. കൃഷി ചെയ്യാൻ അനുവദിച്ചതിന് ശേഷം ഇത്തരത്തിൽ വാഴകൾ വെട്ടി നശിപ്പിക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയുന്നതല്ല. അതിനാൽ ഈ വിഷയത്തിൽ വൈദ്യുത വകുപ്പ് അടിയന്തിരമായി ഇടപെടണമെന്നും, ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും കൃഷി മന്ത്രി ആവശ്യപ്പെട്ടു.

# നാളികേര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നു : ബഹു. കൃഷി മന്ത്രി ശ്രീ.പി പ്രസാദ്

സംസ്ഥാനത്തെ നാളികേര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ പ്രവർത്തനങ്ങൾ ചെയ്തു വരുന്നുവെന്ന് കൃഷി മന്ത്രി ശ്രീ. പി പ്രസാദ്. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കുവാനും, മറ്റു പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ മുന്തിയ പരിഗണന നൽകുന്നുവെന്ന് മന്ത്രി പറഞ്ഞു. പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ കുറ്റ്യാടി എം.എൽ.എ. ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്ററുടെ ശ്രദ്ധ ക്ഷണിക്കൽ നോട്ടീസിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

കഴിഞ്ഞ സാമ്പത്തിക വർഷം 32/- രൂപക്കും നടപ്പ് സാമ്പത്തിക വർഷം 34/- രൂപക്കുമാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്. പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കേരഫെഡ് നേരിട്ടും വിവിധ സഹകരണ സംഘങ്ങൾ/ FPOകൾ മുഖേനയും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ (VFPCK) സ്വാശ്രയ കർഷക വിപണികൾ മുഖേനയും കേരള നാളികേര വികസന കോർപറേഷൻറെ കേന്ദ്രങ്ങൾ തുടങ്ങിയ 129 കേന്ദ്രങ്ങൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ പച്ചത്തേങ്ങ സംഭരണ പദ്ധതി തുടരുന്നതോടൊപ്പം തന്നെ കേന്ദ്ര സർക്കാരിന്റെ കൊപ്രാ സംഭരണ പദ്ധതിയിൽപ്പെടുത്തി കൊപ്ര സംഭരണവും ആരംഭിച്ചിട്ടുണ്ട്. കേന്ദ്രം നൽകുന്ന താങ്ങുവിലയ്ക്ക് പുറമേ സംസ്ഥാനം കി.ഗ്രാമിന് 4.70/-രൂപ അധികം നൽകി അടിസ്ഥാന വില 34/- രൂപ കൊപ്ര സംഭരണത്തിലും സർക്കാർ കർഷകർക്ക് ഉറപ്പാക്കുന്നുണ്ട്.

കേന്ദ്ര സർക്കാർ അംഗീകരിച്ച ഉത്പാദന ചെലവിനെ അടിസ്ഥാനമാക്കി 2022-23 വർഷം കേരളത്തിൽ ഒരു നാളികേരത്തിന്റെ ഉത്പാദന ചെലവ് 9.91/-രൂപയും അഖിലേന്ത്യ അടിസ്ഥാനത്തിൽ 7.92 രൂപയുമാണ്. ഇപ്രകാരം അഖിലേന്ത്യ അടിസ്ഥാനത്തിൽ കണക്കാക്കിയ ഉത്പാദന ചെലവിനെ അധിഷ്ഠിതമാക്കി കുറഞ്ഞ താങ്ങുവില പ്രഖ്യാപിക്കുമ്പോൾ കേരളത്തെ സംബന്ധിച്ച് ഈ നിരക്ക് കുറവാണ്. കേരളത്തിന്റെ വർദ്ധിച്ച ഉത്പാദന ചെലവ് പരിഗണിച്ച് സംസ്ഥാന അടിസ്ഥാനത്തിൽ താങ്ങുവില പ്രഖ്യാപിക്കണമെന്നും നിലവിലെ നിരക്ക് ഉയർത്തണമെന്നും കേന്ദ്ര സർക്കാരിനോട് കേരളം നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കർഷകരുടെ ആവശ്യങ്ങളെയും തുടർന്ന് നടത്തിയ പഠനത്തിന്റെയും അടിസ്ഥാനത്തിൽ ഒരു വർഷത്തിൽ തെങ്ങ് ഒന്നിന് പരമാവധി 70 നാളികേരം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുവാൻ നിലവിൽ അനുവാദം നല്കിയിട്ടുണ്ട്. മുൻപ് ഇത് 50 ആയിരുന്നു. വർഷത്തിൽ ആറു തവണയായി നടത്തിയിരുന്ന പച്ചത്തേങ്ങ സംഭരണം കർഷകർ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം അഞ്ച് തവണയായും സംഭരിക്കുന്നതിന് സർക്കാർ ഉത്തരവിലൂടെ അനുവാദം നൽകിയിട്ടുണ്ട്. കർഷകരുടെ ആവശ്യാനുസരണം പുതിയ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അംഗീകാരം നല്കുവാൻ കൃഷി ഡയറക്ടർക്ക് അനുവാദം നല്കികിയിട്ടുണ്ടെന്നും കൃഷി മന്ത്രി അറിയിച്ചു.

കേന്ദ്ര സർക്കാറിന്റെ പ്രൈസ് സപ്പോർട്ട് സകീം പ്രകാരം കേരഫെഡിനെ കൊപ്രാ സംഭരണത്തിൽ നിന്നും നാഫെഡ് ഒഴിവാക്കിയതിനാൽ കേരഫെഡിന് കൊപ്രാ സംഭരണം നടത്തുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത വ്യവസ്ഥ മാറ്റി നല്കണമെന്ന് കേന്ദ്ര സർക്കാരിനോട് രേഖാമൂലവും നേരിട്ടും



13.07.2023 ന് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാറിന്റെ പദ്ധതി പൂർണ്ണമായും കൊപ്രാ സംഭരണം മാത്രമായിരിക്കുകയും ഉയർന്ന കൂലി ചെലവ് മൂലം പച്ചത്തേങ്ങ കൊപ്രയാക്കാൻ കർഷകർ വിമുഖത കാണിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്തെ കേര കർഷകരുടെ താത്പര്യ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ ഇടപെട്ട് കൊപ്രാ സംഭരണ പദ്ധതിയിൽ പച്ചത്തേങ്ങാ കൂടി സംഭരിച്ച് അംഗീകൃത ഏജൻസികൾ മുഖേന അത് കൊപ്രയാക്കി നാഫെഡിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. ഇത് കൂടാതെ കൊപ്ര സംഭരണത്തിൽ ഉണ്ട കൊപ്ര കൂടി ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പച്ചത്തേങ്ങയും വിത്ത് തേങ്ങയും സംഭരിച്ചത് പ്രകാരം കർഷകർക്ക് ലഭിക്കാനുള്ള സംഭരണ വില കൊടുത്തുതീർക്കുന്നതിനുള്ള നടപടികളാരംഭിച്ചതായും കൃഷി മന്ത്രി അറിയിച്ചു.

നാളികേരത്തിന്റെ വാർഷിക ഉല്പാദനക്ഷമത എഴുപത് എണ്ണത്തിൽ കൂടുതലുണ്ടെന്ന വിഷയം പരിശോധിക്കാൻ കാർഷിക വിദഗ്ധരുടെ സമിതിയെ ചുമതലപ്പെടുത്തിയതായും, നാളികേര കൃഷി കൂടുതലായുള്ള മേഖലയിൽ എം.എൽ.എ. മാരുമായി കൂടിയാലോചിച്ച് അവരുടെ സഹകരണത്തോടെ പ്രാദേശിക സൗകര്യങ്ങൾ ഉറപ്പ് വരുത്തി കൂടുതൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടിയെടുക്കുമെന്നും മന്ത്രി പറഞ്ഞു. ആസിയാൻ കരാർ പോലുള്ള രാജ്യത്തിൻറെ അന്താരാഷ്ട്ര ഇടപെടലുകൾ മൂലം കേര കർഷകരിലുണ്ടാക്കിയ ആഘാതങ്ങൾക്ക് അറുതി വരുത്താൻ കേര ഗ്രാമങ്ങൾ പോലുള്ള പദ്ധതികൾക്ക് ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ടെന്നും തുടർന്നും പുതിയ കേര ഗ്രാമങ്ങൾ ആരംഭിക്കുമെന്നും മന്ത്രി കൂട്ടി ചേർത്തു.

# അന്താരാഷ്ട്ര ബയോടെക്നോളജി കോൺക്ലേവിന് വെള്ളായണി കാർഷിക കോളേജിൽ തുടക്കമായി

അഞ്ച് ദിവസത്തെ അന്താരാഷ്ട്ര ബയോടെക്നോളജി കോൺക്ലേവ് ബയോസിയോൺ വിശ്വപ്രസിദ്ധമായ മാക്സ് പ്ലാങ്ക് ഇൻസ്റ്റ്യൂട്ട് ഓഫ് ഹാർട്ട് ആൻഡ് ലങ് റിസർച്ച്, ജർമ്മനി ഡയറക്ടർ പ്രൊഫസർ ഡോക്ടർ ഡോക്ടർ ഹാബിൽ തോമസ് ബ്രൗൺ വെള്ളായണി കാർഷിക കോളേജിൽ ഉദ്ഘാടനം ചെയ്തു. ഉന്നതവിദ്യാഭ്യാസ ഗവേഷണ മേഖലയിൽ അന്താരാഷ്ട്ര സഹകരണത്തിന് പുതിയൊരു വഴിത്തിരിവാകട്ടെ ബയോസിയോൺ എന്ന് അദ്ദേഹം ആശംസിച്ചു. കോവിഡ് മഹാമാരിക്ക് ശേഷം ബയോടെക്നോളജിയുടെ അനന്തസാധ്യതകളെ കുറിച്ചും അതിൻ്റെ പ്രാധാന്യത്തെക്കുറിച്ചും സംവദിക്കുന്നതിനായുള്ള പഞ്ചദിന ശാസ്ത്രസംഗമത്തിൻ്റെ ഔദ്യോഗിക ഉദ്ഘാടന പരിപാടിയിലും തുടർന്നുള്ള പാനൽ ചർച്ചയിലും ദേശീയ അന്തർദേശീയ തലങ്ങളിൽ ശാസ്ത്രമേഖലയിൽ ശ്രദ്ധേയമായ വ്യക്തിമുദ്ര പതിപ്പിച്ച ശാസ്ത്രവിദഗ്ധർ പങ്കെടുത്തു. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി ഡയറക്ടർ പ്രൊഫസർ ഡോക്ടർ സഞ്ജയ് ബിഹാരി മുഖ്യപ്രഭാഷണം നടത്തി. കേരള കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോക്ടർ ബി അശോക് ഐഎഎസ്, ഡീൻ ഓഫ് ഫാക്കൽട്ടി ഡോക്ടർ റോയ് സ്റ്റീഫൻ, കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ അംഗം ഡോക്ടർ തോമസ് ജോർജ്, ഗവേഷണ വിഭാഗം മേധാവി ഡോക്ടർ അനിത് കെ എൻ, വിജ്ഞാന വ്യാപന വിഭാഗം മേധാവി അലൻ തോമസ്, ഡോക്ടർ അർച്ചന ആർ സത്യൻ, കീർത്തന ജെ എന്നിവർ സംസാരിച്ചു.

"ബയോടെക്നോളജി അറ്റ് 2047" എന്ന വിഷയത്തെ ആസ്പദമാക്കി പാനൽ ചർച്ചയും മോളിക്യുലർ ബയോളജി വർക്ക്ഷോപ്പും സംഘടിപ്പിച്ചു. സെമിനാറിനോടനുബന്ധിച്ച് വെള്ളായണി കാർഷിക കോളേജ് വിദ്യാർത്ഥികളുടെ കലാസാംസ്കാരിക സന്ധ്യയും ശ്രദ്ധേയമായി.





വള്ളികുന്നം ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ജനകീയസൂത്രണ പദ്ധതി പ്രകാരം കൃഷി ചെയ്ത ബന്തി, വാടാമുല്ലയുടെ വിളവെടുപ്പ് ഉദ്ഘാടനം വള്ളികുന്നം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിജി പ്രസാദ് നിർവഹിച്ചു. ഗ്രാമപഞ്ചായത്തംഗം ശ്രീ തുദീപ് കുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കൃഷി ഓഫീസർ നിഖിൽ ആർ പിള്ള, കൃഷി അസിസ്റ്റന്റ് ഷബീർ മുഹമ്മദ്, സിഡിഎസ് ചെയർപേഴ്സൺ ഷീജ സുരേഷ് തുടങ്ങിയവർ സംസാരിച്ചു. പൂപ്പാടം - രണ്ടാം വർഷ പദ്ധതി പ്രകാരം 5 ഹെക്ടറോളം സ്ഥലത്താണ് ഈ വർഷം ബന്തി, വാടാമുല്ല എന്നിവ കൃഷി ചെയ്യുന്നത്.

# അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി നടപ്പിലാക്കിയ 'ജീവനി' പദ്ധതിക്ക് സംസ്ഥാന അവാർഡ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ചാലക്കുടിയിൽ പ്രവർത്തിക്കുന്ന അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ എറണാകുളം ജില്ലാ ജയിലിൽ നടപ്പിലാക്കിയ " ജീവനി" പദ്ധതിക്ക് പച്ചക്കറി കൃഷിചെയ്യുന്ന മികച്ച പൊതു മേഖലാ സ്ഥാപനത്തിനുള്ള സംസ്ഥാന അവാർഡ് മൂന്നാം സ്ഥാനം നേടി. 2022-23 കാലഘട്ടത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ ഈ പദ്ധതിയിലൂടെ സംയോജിത കൃഷി സമ്പ്രദായ രീതിയുടെ വിവിധ ഘടകങ്ങളായ കോഴി വളർത്തൽ, മത്സ്യ കൃഷി, വെച്ചൂർ പശു വളർത്തൽ, അസോള കൃഷി, തീറ്റപ്പുൽ കൃഷി, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ബയോഗ്യാസ്, മഴമറ സംവിധാനം, പച്ചക്കറി കൃഷി എന്നിവയാണ്. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ജലസ്രോതസ്സ് പുനരുദ്ധരിക്കുകയും, പന്തലിലുള്ള പച്ചക്കറി കൃഷിക്കുള്ള സ്ഥിരം സംവിധാനം, ജലപരിപാലനം കാര്യക്ഷമമാക്കുന്നതിനായി കണികാജലസേചനവും നടപ്പിലാക്കി.

പച്ചക്കറി, ഫല വർഗ്ഗ വിളകൾ എന്നിവയുടെ തൈകൾ ഉൽപാദിപ്പിക്കുന്നതിന് ഹൈടെക് നഴ്സറി സജ്ജമാക്കി. 200 ഓളം തടവുകാർക്ക് കൃഷിയിലും അനുബന്ധ വിഷയങ്ങളിലും പ്രായോഗിക പരിശീലനം നൽകി. തടവുകാരും ജയിൽ അധികൃതരും ചേർന്ന് പരിപാലിക്കുന്ന കൃഷിയിടത്തിൽ പഴവർഗ്ഗങ്ങളും പച്ചക്കറികളും വിളയുന്നു. അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി മേധാവി ഡോ.മിനി എബ്രഹാം, ശ്രീ. അജിത് സി ബി, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്.



ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Asha S. Kumar, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh